# Desabhimani
# 17 July 2018
# Thiruvananthapuram, Flood Relief Fund

## കാലവർഷം നഷ്ടപരിഹാരം

# കാലതാമസം ഉണ്ടാകരുത്: മുഖ്യമന്ത്രി

**സ്വന്തം ലേഖകൻ**

- ജാഗ്രത പാലിക്കാൻ കലക്ടർമാർക്ക് നിർദേശം
- ആവശ്യമായ സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കണം
- പകർച്ചവ്യാധിക്കെതിരെ മുൻകരുതൽ വേണം

**തിരുവനന്തപുരം**

കാലവർഷക്കെടുതികൾ വിലയിരുത്തി നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ വിതരണംചെയ്യണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കലക്ടർമാർക്ക് നിർദേശം നൽകി. ആശ്വാസം പെട്ടെന്നെത്തിക്കുക എന്നത് പ്രധാനമാണ്. കലക്ടർമാർ കൂടുതൽ ജാഗ്രത പുലർത്തണം. ആവശ്യമായ സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പ് തുറക്കണം.

വെള്ളപ്പൊക്ക സ്ഥലത്ത് കുടിവെള്ളം എത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. പകർച്ചവ്യാധികൾക്കെതിരെ മുൻകരുതൽ വേണം. ആശുപത്രികൾ സജ്ജമാക്കണം. ദുരിതാശ്വാസ ക്യാമ്പുകളിൽ അസുഖമുള്ളവർക്ക് പ്രത്യേക ശ്രദ്ധ നൽകണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. തിരുവനന്തപുരത്തുനിന്ന് വീഡിയോ കോൺഫറൻസ് വഴി കലക്ടർമാരുമായി കാലവർഷക്കെടുതികൾ വിലയിരുത്തുകയായിരുന്നു അദ്ദേഹം.

എറണാകുളം ജില്ലയിൽ 12 ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. 284 കുടുംബങ്ങളിലെ 1007 പേരാണ് ക്യാമ്പുകളിലുള്ളത്. ചെല്ലാനത്ത് കടലാക്രമണത്തെ തുടർന്ന് തീരത്ത് സ്ഥാപിച്ച ജിയോ ബാഗുകൾ നശിച്ചു. ആലപ്പുഴ ജില്ലയിൽ അഞ്ച് താലൂക്കുകളിൽ ക്യാമ്പുകൾ തുറന്നു. ആലപ്പുഴയുടെ തീരമേഖലയിലും കടലാക്രമണമുണ്ട്. വെള്ളം പമ്പ് ചെയ്ത് മാറ്റുന്നതിനുള്ള ഹെവി പമ്പുകൾ പ്രവർത്തനക്ഷമമാണെന്ന് പരിശോധിക്കാൻ നിർദേശം നൽകി. ആലപ്പുഴയിൽ കൃഷി വകുപ്പും മൈനർ ഇറിഗേഷൻ വകുപ്പുമായി സഹകരിച്ച് പ്രവർത്തനം നടത്താൻ കലക്ടറോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

തൃശൂരിൽ കൊടുങ്ങല്ലൂർ, ചാവക്കാട് എന്നിവിടങ്ങളിൽ കടലാക്രമണം രൂക്ഷമാണ്. ഇവിടെ അഞ്ച് ക്യാമ്പുകളിലായി 146 പേർ കഴിയുന്നു. 49 വീടുകൾ ഭാഗികമായും രണ്ടെണ്ണം പൂർണമായും തകർന്നു. കൊല്ലം ജില്ലയിൽ 32 വീടുകൾ ഭാഗികമായും മൂന്നു വീടുകൾ പൂർണമായും നശിച്ചു. കൊറ്റങ്കരയിലും ഓച്ചിറയിലും രണ്ടു ക്യാമ്പുകളിലായി 79 പേരെ താമസിപ്പിച്ചു.

കാസർകോട്ട് തോടുകൾ കരകവിഞ്ഞൊഴുകുന്നുണ്ട്. കടലാക്രമണത്തിൽ രണ്ടു വീടുകൾ തകർന്നു. ഇവിടങ്ങളിലുള്ളവരെ ബന്ധുവീടുകളിലേക്ക് മാറ്റി.

> ആശ്വാസം പെട്ടെന്നെത്തിക്കുക എന്നത് പ്രധാനമാണ്, അതിനായി എല്ലാ വകുപ്പുകളുടെയും ഏകോപനം ഉറപ്പാക്കണം



കണ്ണൂരിൽ കനത്ത കാറ്റിനെ തുടർന്ന് 20 വീടുകൾ ഭാഗികമായും രണ്ടു വീടുകൾ പൂർണമായും തകർന്നു. കൂർഗ്- കണ്ണൂർ റോഡിൽ ചെറിയ വാഹനങ്ങൾ കടത്തിവിടാൻ തുടങ്ങി. പാലക്കാട്ട് പുഴയുടെ തീരങ്ങളിലുള്ള വീടുകളിൽ വെള്ളം കയറിയിട്ടുണ്ട്. അകത്തേത്തറയിൽ ആരംഭിച്ച ക്യാമ്പിൽ 50 പേരുണ്ട്. നെൽകൃഷി നഷ്ടം കണക്കാക്കി നഷ്ടപരിഹാരം വേഗത്തിൽ നൽകും. നെല്ലിയാമ്പതിയിൽ വീടുകളിൽ വെള്ളം കയറിയതിനാൽ ക്യാമ്പ് തുറന്നിട്ടുണ്ട്. മംഗലം ഡാമിൽ ഉരുൾപൊട്ടൽ ഭീഷണിയുള്ളതിനാൽ ഏഴു കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു.

കോഴിക്കോട് ജില്ലയിലെ രണ്ടു ക്യാമ്പുകളിലായി 128 പേരുണ്ട്. വയനാട്ടിൽ 23 ക്യാമ്പുകൾ പ്രവർത്തിക്കുന്നു. ജില്ലയിലെ രണ്ടു ഡാമുകൾ തുറന്നു. ഇടുക്കിയിൽ നാലു ക്യാമ്പുകളിൽ 33 കുടുംബങ്ങളെ താമസിപ്പിച്ചു. മുല്ലപ്പെരിയാർ, ഇടുക്കി ഡാമുകൾ തുറക്കേണ്ട സ്ഥിതിയില്ലെന്ന് കലക്ടർ അറിയിച്ചു.

പത്തനംതിട്ട തിരുവല്ലയിൽ 18 ക്യാമ്പുകളും മല്ലപ്പള്ളിയിൽ മൂന്നു ക്യാമ്പുകളിലുമായി 218 കുടുംബങ്ങൾ കഴിയുന്നു. 198 വീടുകൾ ഭാഗികമായും രണ്ടു വീടുകൾ പൂർണമായും തകർന്നു. 35 ലക്ഷം രൂപയുടെ നഷ്ടം രണ്ടു ദിവസത്തെ മഴയിൽ ഉണ്ടായി. കോട്ടയത്ത് 27 ക്യാമ്പുകളിൽ 794 പേരുണ്ട്. രണ്ടു സ്ഥലങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായി. 138 വീടുകൾ പൂർണമായും രണ്ടു വീടുകൾ പൂർണമായും തകർന്നു. 33.5 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കി. ആയിരം ഹെക്ടർ നെൽവയൽ വെള്ളത്തിനടിയിലായി. തിരുവനന്തപുരം ജില്ലയിൽ നാലു വീടുകൾ ഭാഗികമായും ഒരു വീട് പൂർണമായും നശിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. റവന്യൂമന്ത്രി ഇ ചന്ദ്രശേഖരൻ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവരും മുഖ്യമന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.